**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 99** **12-01-2021 - ൽ മറുപടിയ്ക്ക്**

**മാഞ്ഞൂർ പോലീസ് സ്റ്റേഷനുള്ള തസ്തിക സൃഷ്ടിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ മാഞ്ഞൂർ പോലീസ് സ്റ്റേഷൻ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ; | (എ) | കോട്ടയം ജില്ലയിൽ മാഞ്ഞൂരിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുവാൻ 29/09/2015-ലെ സ.ഉ.(കൈ) നം. 212/2015/ആഭ്യന്തരം പ്രകാരം തത്വത്തിൽ അനുമതി ആയിരുന്നതും ജി.ഒ (പി) നം. 41/2018/ആഭ്യന്തരം തീയതി 07/07/2018 പ്രകാരം ഗസറ്റ് നോട്ടിഫിക്കേഷൻ ആയിരുന്നതുമാണ്. മാഞ്ഞൂർ പഞ്ചായത്തിന്റെ അധീനതയിലുള്ള 4/298 നമ്പർ കെട്ടിടം സ്റ്റേഷൻ പ്രവർത്തനത്തിനായി വിട്ടുനൽകാമെന്ന് സമ്മതിച്ചിരുന്നതും ടി കെട്ടിടം മാഞ്ഞൂർ പോലീസ് സ്റ്റേഷൻ പ്രവർത്തനത്തിനായി ഗസറ്റ് നോട്ടിഫിക്കേഷനിൽ പ്രസിദ്ധീകരിച്ചിരുന്നതുമാണ്. എന്നാൽ ആയത് ജനകീയാസൂത്രണ പദ്ധതിയിലൂടെ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ചതാകയാൽ മറ്റൊരു ആവശ്യത്തിനായി വിട്ടു നൽകുന്നതിന് പഞ്ചായത്ത് വകുപ്പിൽ നിന്നുള്ള അനുമതി കൂടി വേണമെന്ന് മാഞ്ഞൂർ പഞ്ചായത്ത് അറിയിക്കുകയുണ്ടായി. തുടർന്ന് നടന്ന കോർഡിനേഷൻ കമ്മിറ്റി യോഗത്തിൽ ടി കെട്ടിടം മാഞ്ഞൂർ പോലീസ് സ്റ്റേഷൻ പ്രവർത്തനത്തിനായി വിട്ടുനൽകേണ്ടതില്ല എന്ന് തീരുമാനിച്ചതായി അറിയാൻ കഴിഞ്ഞു. എന്നാൽ ഇത് സംബന്ധിച്ച യാതൊരു ഉത്തരവുകളും ലഭിച്ചിട്ടില്ലാത്തതാണ്. കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം പുന:പരിശോധിക്കണമെന്ന് കോട്ടയം ജില്ലാ പോലീസ് ഓഫീസിൽ നിന്നും തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും മറുപടി ലഭ്യമായശേഷം ഇക്കാര്യത്തിൽ യുക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | മാഞ്ഞൂർ പോലീസ് സ്റ്റേഷൻ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ തസ്തികകൾ നിശ്ചയിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (ബി) | താഴെപറയും പ്രകാരം തസ്തികകൾ സൃഷ്ടിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. Sl.No. Post Strength 1 ) |

| | | | |
|---|---|---|---|
| | | | Inspector 1 2 ) Sub Inspector 2 3 ) Assistant Sub Inspector 2 4 ) Senior Civil Police Officer 8 5) Civil Police Officer 25 6) Civil Police Officer (Women) 4 7) Driver 1 Total 43 |
| (സി) | പ്രസ്തുത പോലീസ് സ്റ്റേഷൻ സംബന്ധിച്ച് നിലവിലുള്ള ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ; ഫയൽ മുഖ്യമന്ത്രി കണ്ടിട്ടുണ്ടോ എന്നറിയിക്കാമോ? | (സി) | ഫയൽ മുഖ്യമന്ത്രി കണ്ടിട്ടുണ്ട്. ഫയൽ മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവായിട്ടുണ്ട് |

സെക്ഷൻ ഓഫീസർ